**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4565** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ ആദായനികുതി വകുപ്പിന്റെ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | ആദായനികുതി വകുപ്പിന്റെ ഇടപെടലുകളും കർശന നടപടികളും സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപം കുറയ്ക്കുന്നതായുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1969 ലെ കേരള സഹകരണ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളുടെ രേഖകൾ സൂക്ഷിച്ചുവരുന്നത്. ആഡിറ്റ്, പരിശോധന എന്നിവ നടത്തുമ്പോൾ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ചകൾ കണ്ടെത്തുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംഘത്തിന്റെ വരവ്-ചെലവ് കണക്കുകൾ ആധുനിക അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിനുള്ള നിയമ ഭേദഗതി അംഗീകരിച്ചിട്ടുണ്ട്.<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആദായനികുതി ഉദ്യോഗസ്ഥർ സഹകരണ സ്ഥാപനങ്ങളോടും നിക്ഷേപകരോടും വൈരനിര്യാതനബുദ്ധിയോടെ പെരുമാറുന്ന സാഹചര്യം പരിശോധിക്കുമോ; സഹകരണ സ്ഥാപനങ്ങളുടെ രേഖകൾ കുറ്റമറ്റതായി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | 1969 ലെ കേരള സഹകരണ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളുടെ രേഖകൾ സൂക്ഷിച്ചുവരുന്നത്. ആഡിറ്റ്, പരിശോധന എന്നിവ നടത്തുമ്പോൾ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ചകൾ കണ്ടെത്തുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംഘത്തിന്റെ വരവ്-ചെലവ് കണക്കുകൾ ആധുനിക അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിനുള്ള നിയമ ഭേദഗതി അംഗീകരിച്ചിട്ടുണ്ട്.<br><br>സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ അനാവശ്യ ഇടപെടലുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ? | (സി) | കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടിച്ചേർത്ത 194A, 194N എന്നീ വ്യവസ്ഥകൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. 194A വ്യവസ്ഥകൾ പ്രകാരം നിക്ഷേപത്തിന്മേലുള്ള പലിശ വരുമാനം വർഷം 40000/-രൂപയിൽ കൂടുതൽ ആയാൽ സംഘങ്ങൾ TDS അടയ്ക്കുന്നതിന് ബാധ്യസ്ഥമാണ്. ആയത് പ്രകാരം PACS – കൾ കേരള ബാങ്കിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ 40000 – ൽ കൂടുതലായാൽ നികുതി പിടിച്ചു നൽകുന്നതിന് നിയമ പ്രകാരം ബാധ്യതയുണ്ട്. ഈ വ്യവസ്ഥയ്ക്കെതിരെ PACS – കൾ ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ നേടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കേസ് കോടതിയുടെ പരിഗണനയിലാണ്. 194N – ലെ വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തിൽ 3 കോടി രൂപയിൽ കൂടുതൽ തുക പണമായി പിൻവലിച്ചാൽ 2% നിരക്കിൽ നികുതി നൽകുന്നതിന് സംഘങ്ങൾക്ക് ബാധ്യതയുണ്ട്. ഈ വ്യവസ്ഥയ്ക്കെതിരെയും സംഘങ്ങൾ കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ സംഘങ്ങളെ ഈ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ കേന്ദ്ര സഹകരണ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ